പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **T 4266** 19/10/2011-ൽ മറുപടിക്ക്.

ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി - സ്വകാര്യ ആശുപത്രികളുടെ ചൂഷണം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. പി. തിലോത്തമൻ | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി യുടെ കീഴിൽ വരുന്ന സ്വകാര്യ ആശുപ ത്രികൾ പലതും ചികിത്സയ്ക്കെത്തുന്ന രോഗികളിൽ നിന്നും 30000/- രൂപയിൽ താഴെ ചികിത്സാ ചെലവ് നിലനിൽക്കു മ്പോൾ തന്നെ പണമീടാക്കുകയും ചികിത്സ നൽകാൻ മടികാണിക്കുകയും ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത്തരം കേസുകളിൽ ഏതെങ്കിലും ആശുപത്രിക്കെതിരെ നടപടി സ്വീകരിച്ചി ട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ; | (എ) ഉണ്ട്. പദ്ധതി മാർഗ്ഗ നിർദ്ദേശങ്ങൾ ലംഘിക്കുന്ന ആശുപത്രികളെ പദ്ധതി നടത്തിപ്പിൽ നിന്നും ഒഴിവാക്കുകയും ശിക്ഷണ നടപടികൾ സ്വീകരിക്കുകയും ചെയ്യാറുണ്ട്. |
| (ബി) ഇൻഷ്വറൻസ് കവറേജ് ലഭിക്കേണ്ട രോഗികളിൽ നിന്നും അന്യായമായി പണ മീടാക്കുകയും ചികിത്സ നൽകാൻ മടികാ ണിക്കുകയും ചെയ്യുന്ന സ്വകാര്യ സ്ഥാപ നങ്ങൾക്കെതിരെ ആർക്കാണ് പരാതി നൽകേണ്ടത് ; ഇതിന്റെ നടപടികൾ വിശദ മാക്കാമോ ? | (ബി) ഇത്തരം കേസുകളിൽ ചിയാക് എക്സിക്യൂട്ടീവ് ഡയറക്ടർക്കും യുണൈറ്റഡ് ഇന്ത്യ ഇൻഷുറൻസ് കമ്പനി ഡെപ്യൂട്ടി ജനറൽ മാനേജർക്കും താഴെപ്പറയുന്ന മേൽവിലാസ ങ്ങളിൽ പരാതി സമർപ്പിക്കാവുന്നതാണ്.<br><br>എക്സിക്യൂട്ടീവ് ഡയറക്ടർ,<br>ചിയാക്, 7-ാം നില,<br>ട്രാൻസ് ടവേഴ്സ്,<br>വഴുതക്കാട്, തിരുവനന്തപുരം-14.<br><br>ഡെപ്യൂട്ടി ജനറൽ മാനേജർ,<br>യുണൈറ്റഡ് ഇന്ത്യ ഇൻഷ്വറൻസ്<br>കമ്പനി ലിമിറ്റഡ്, റീജണൽ ഓഫീസ്,<br>എറണാകുളം. |

സെക്ഷൻ ഓഫീസർ